"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ ആദ്യ ഗഡു അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.304/2026/CLAD തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-
1. 04.08.2020 -ലെ സ.ഉ(പി)നം.103/2020/ധന
2. 04.01.2021- ലെ 1/2021/ധന നമ്പർ സർക്കുലർ
3. 26.07.2022- ലെ 65/2022/ധന നമ്പർ സർക്കുലർ
4. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 01.04.2026-ലെ എ/825/2026/സിൽ നമ്പർ കത്ത്

**ഉത്തരവ്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതര വിഹിതമായി “2202-05-102-96-00-36(NV)" എന്ന ശീർഷകത്തിൽ 3,44,24,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയേതരയിനത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ആദ്യ ഗഡു അനുവദിക്കുന്നതിനുള്ള ശിപാർശ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 മെയ് മാസം 31 -ന് മുൻപായി "2202-05-102-96-00-36(NV) എന്ന ശീർഷകത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ മുഴുവൻ റീകൺസിലിയേഷൻ രേഖകളും അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുകയും ആയതിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്യണമെന്നുള്ള വ്യവസ്ഥയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2026-27 സാമ്പത്തിക വർഷത്തിൽ **"2202-05-102-96-00-36(NV)"** എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും **₹68,84,800/-(അറുപത്തിയെട്ട് ലക്ഷത്തി എൺപത്തിനാലായിരത്തി എണ്ണൂറ് രൂപ മാത്രം)** ആദ്യ ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) പ്രകാരം പ്രസ്തുത തുക കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ

തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **799011400006903** എന്ന **STSB** അക്കൗണ്ടിലേയ്ക്ക് ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. പരാമർശം (1) ലെയും പരാമർശം (3) ലെയും നിബന്ധനകൾ പ്രകാരം സ്ഥാപനത്തിൽ ജി-സ്പാർക് നടപ്പിൽ വരുത്തിയ ശേഷം മാത്രം ഇപ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗസാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും സഹിതം അടുത്ത ഗഡു ഫണ്ടിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് (22.05.2026-ലെ 3478578 EDN-D2/65/2026-FIN നമ്പർ കുറിപ്പ് പ്രകാരം )
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (C1/44/2026-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 29-05-2026 17:32:24

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി. എസ്.-ന്